# മരിച്ചവർ സഹായിക്കുന്നു! സഞ്ചരിക്കുന്നു!!

മായിൻകുട്ടി സുല്ലമി

തബ്‌ലീഗുകാരുടെ ക്വബർ കഥകൾ ബഹുരസമാണ്. ചിരിക്കുകയും കരയുകയും ചെയ്യുന്ന മയ്യിത്തുകൾ! കൈപിടിക്കുന്ന മയ്യിത്തുകൾ! കൈപിടിക്കുന്ന ചിലർ! ഉലകം ചുറ്റുകയും ദുനിയാവിലെ പലരുമായും സംസാരിക്കുകയും സഹായം നൽകുകയും ചെയ്യുന്ന ക്വബ്റാളികൾ! ബർസഖീ ലോകത്തും തല്ലും തടവും, അറവും ദാനധർമ്മവും നടത്തുന്നവർ. മരിച്ചവർക്ക് ജീവിച്ചിരിക്കുന്നവരേക്കാൾ ദുനിയാവിൽ പ്രവർത്തനശേഷി. ഇത്തരം കഥകൾ സൂഫികളെക്കുറിച്ച് മാത്രമല്ല ഉണ്ടാക്കിയിട്ടുള്ളത്. മഹാനായ നബി(സ)യെക്കുറിച്ചും പ്രചരിപ്പിക്കുന്നുണ്ട്. അധികവും ബറേൽവികളുടെ കോപ്പിയാണ്. പൂവൻപഴം കൊണ്ട് അറവ് നടത്തുന്ന രീതി അവരുടെ സാഹിത്യങ്ങളിലൂടെ നമുക്ക് കാണാം.

അലി(റ)യുടെ പേരിൽ നിവേദനം ചെയ്യപ്പെടുന്നു. “റസൂലുല്ലാഹി(സ)യെ അടക്കം ചെയ്തുകഴിഞ്ഞപ്പോൾ ഒരു കാട്ടറബി വരികയും പരിശുദ്ധ ക്വബ്റിൽ വന്ന് വീണുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു. യാ! റസൂലുല്ലാഹ്! തങ്ങൾ ഏതൊന്നു അരുളിയോ അത് ഞങ്ങൾ കേട്ടു. ഏതൊന്ന് അല്ലാഹുവിങ്കൽ നിന്ന് തങ്ങൾക്ക് കിട്ടുകയോ തങ്ങൾ, അത് പാഠമാക്കുന്നതിന് വേണ്ടി ഏൽപ്പിക്കുകയും ചെയ്തോ അത് ഞങ്ങൾ പാഠമാക്കി. തങ്ങളുടെ മേൽ അല്ലാഹു ഇറക്കിയതിലുള്ളതാണല്ലോ ഈ പറയുന്നത്. “ഈ ജനങ്ങൾ സ്വയം അക്രമം ചെയ്തിട്ട് അവർ തങ്ങളുടെ അടുക്കൽ വന്ന് അല്ലാഹുവിനോട് അവർ പൊറുക്കലിനെ തേടുകയും റസൂലുല്ലാഹി(സ)യും അവർക്ക് വേണ്ടി മാപ്പിനെ തേടുകയും ചെയ്താൽ, നിശ്ചയമായും അല്ലാഹു തആല തൗബ സ്വീകരിക്കുന്നവനായും കരുണ ചെയ്യുന്നതായും അവർ കണ്ടെത്തുന്നതാണ്. അതിന് ശേഷം ആ കാട്ടറബി പറഞ്ഞു. ഞാൻ സ്വയം അക്രമം ചെയ്തുപോയവനാണ്. ഇപ്പോൾ തങ്ങളുടെ സന്നിധിയിൽ മാപ്പ് തേടിയവനായി വന്നിരിക്കുകയാണ്. അപ്പോൾ പരിശുദ്ധ ക്വബ്റിൽ നിന്ന് ‘ഇതിന്റെ പേരിൽ തീർച്ചയായും നിങ്ങൾക്ക് മാപ്പ് ചെയ്യപ്പെട്ടിരിക്കുന്നു’ എന്നൊരു ശബ്ദം ഉണ്ടായി.” (ഹജ്ജിന്റെ മഹത്വങ്ങൾ പേ. 350)

ഇത്തരം സംഭവങ്ങൾ ഗ്രന്ഥകാരൻ പലരുടേതുമായി പറയുന്നുണ്ട്. നബി(സ)യുടെ ക്വബർ സിയാറത്തിന് എത്തിയ ഉവൈസുൽഖർനി, പരിശുദ്ധ ക്വബർ കണ്ടപ്പോൾ ഓർമ കെട്ടുവീണുവത്രെ. ഓർമ തെളിഞ്ഞപ്പോൾ അവിടെ നിന്ന് അയാൾക്ക് സമാധാനം കിട്ടിയില്ല എന്നും കഥയിൽ കാണാം. കഥകളിലെ കഥയില്ലായ്മയും ക്രൂരതയും ഇനിയും കാണാം. രണ്ടാം കഥയിൽ ഒരു കാട്ടറബിക്ക് നബി(സ)യുടെ സിയാറത്ത് വേളയിൽ പ്രാർത്ഥിച്ചപ്പോൾ നരകമോചനം ഉണ്ടായി. (അ.പു.പേ. 341) മൂന്നാം കഥയും ഒരു കാട്ടറബിയുടെ സിയാറത്ത് വേളയിലെ പ്രാർത്ഥന തന്നെ. അയാൾക്കും മാപ്പിൽ പ്രതീക്ഷ കിട്ടി. നാലാമത്തെ കഥ സൂഫിയായ പാതമുതൽ അസമ്മ് ബൽക്കിയുടെതായാണ്. അദ്ദേഹം നബി(സ)യുടെ ക്വബ്റിങ്കൽ നിന്ന് പ്രാർത്ഥിച്ചു. ഉടനെ അശരീരി ഉണ്ടായി. “നാം നിങ്ങൾക്ക് നമ്മുടെ

മഹ്ബൂബിന്റെ ഖബർ സിയാറത്തിനുള്ള ഭാഗ്യം നൽകിയത് തന്നെ അതിനെ സ്വീകരിക്കാൻ വേണ്ടിയാണ്. നിങ്ങൾ പൊയ്ക്കൊള്ളുക. നിങ്ങൾക്കും നിങ്ങളുടെ കൂട്ടത്തിൽ സിയാറത്തിനായി വന്നവർക്കുമെല്ലാം മാപ്പ് ചെയ്യപ്പെട്ടിരിക്കുന്നു.'' (അ.പു.പേ. 442) ഹജ്ജിനെക്കുറിച്ച് എഴുതിയ ഈ പുസ്തകത്തിൽ, അത് ചെയ്യേണ്ട വിധമില്ല. ബർക്കത്തിന് അൽപം ആയത്തുകളും ഹദീസുകളും കഴിച്ച് ബാക്കിയുള്ളതെല്ലാം നുണക്കഥകൾ. ഇവർക്ക് പറ്റിയ ഒരു കഥ പറയാം. ഒരു മഹാൻ തന്റെ മകളുടെ കല്യാണത്തിന് ക്ഷണിക്കാൻ പോയി. കല്യാണത്തിന്റെ രീതിയും പുത്യാപ്ലയുടെ പോരിശയും ബാക്കി ബഡായികളുമെല്ലാം പറഞ്ഞു. തിയ്യതിയും ദിവസവും മാത്രം പറഞ്ഞില്ല. ചോദിച്ചപ്പോൾ പറഞ്ഞു. അതൊക്കെ എന്റെ മനസ്സിലുണ്ട്. അതുപോലെയാണ് ഇവരുടെ ഫദാഇൽ കിതാബുകൾ. ദിവസവും തിയ്യതിയും അറിഞ്ഞങ്കിലല്ലേ ആളുകൾക്ക് കല്യാണത്തിന് വരാൻ പറ്റുകയുള്ളൂ. അത് കേട്ടറിഞ്ഞ് വരണമെന്നാണോ? ഇതുപോലെ ഹജ്ജിന്റെ പോരിശകേട്ട് ആരെങ്കിലും ഹജ്ജ് ചെയ്യാൻ വിചാരിച്ചാൽ ഹജ്ജിന്റെ രൂപം മാത്രം നാനൂറിലധികം പേജുകളുള്ള ഈ പോരിശക്കിത്താബിൽ കാണില്ല.

അഞ്ചാമത്തെ കഥയിൽ സന്ദർശകന്റെ സലാമിന് 'വഅലൈകസ്സലാം' മറുപടി കിട്ടി. ആറിൽ ഏറെ പുതുമയുള്ള കത്തിന്റെ കഥയാണ്. വൈദ്യൻ ചികിത്സിച്ച് തളർന്ന രോഗി മക്കയിലെത്തി. നബി(സ)യെ വസീലയാക്കി പ്രാർത്ഥിച്ചു. ഉറങ്ങി, സ്വപ്നം വന്നു. അതിൽ ഒരാൾ വന്നു. മരുന്നിന്റെ ശീട്ട് നബി(സ)യിൽ നിന്നു കിട്ടിയതാണ്. കൊടുത്തു. ഉണർന്നു. രോഗം മാറി. ഒരിക്കൽ അതേയാൾ ഖബർ സിയാറത്ത് കഴിഞ്ഞു വരുമ്പോൾ, വഴിയിൽവെച്ച് ഒരു കാട്ടുമാൻ അദ്ദേഹത്തിന്റെ വേലക്കാരിയെ ഇടിച്ചു വീഴ്ത്തി. വേലക്കാരി കഷ്ടപ്പാടിലായി. ടിയാൻ നബി(സ)യെ വസീലയാക്കി പ്രാർത്ഥിച്ചു. അയാൾക്ക് സ്വപ്നം വന്നു. ആ മാൻ ഒരു ജിന്നായിരുന്നു. അതാണ് ഇടിച്ചത്. ആ ജിന്നിനേയും കൂട്ടി ഒരാൾ വന്നു. ജിന്നിനെ നബി(സ) താക്കീത് നൽകി അയച്ചതാണത്രേ. സ്വപ്നം കഴിഞ്ഞു. വേലക്കാരിക്ക് സുഖമായി.

എട്ടാമത്തെ കഥയിൽ വിശന്നുവലഞ്ഞ സൂഫി, നബി(സ)യുടെ ഖബ്റിങ്കൽ എത്തി. സ്വപ്നം വന്നു. നബി(സ)യിൽ നിന്നും റൊട്ടി കിട്ടി. പകുതി തിന്നു. ഉണർന്നപ്പോൾ പകുതി റൊട്ടി കയ്യിൽ. പതിനൊന്നാമത്തെ കഥയിൽ നബി(സ) തന്റെ ഖബർ സന്ദർശിച്ച അബുൽ അബ്ബാസ് എന്നവരെ ''കൈക്ക് പിടിച്ചു മസ്ജിദുൽ ഹറമിൽ ആക്കി.'' പന്ത്രണ്ടാം കഥയിൽ 'റിള്വാൻ' എന്ന സ്വർഗത്തിന്റെ മലക്ക് നബി(സ)ക്ക് സലാം എത്തിക്കാൻ, ഖബർ സന്ദർശകനായ ഒരു സൂഫിയോട് ആവശ്യപ്പെട്ടു. രിഫാഈ ഖബർ സന്ദർശിക്കുകയും പാട്ട് പാടുകയും ചെയ്തപ്പോൾ നബി(സ)യുടെ തൃക്കൈ പുറത്തേക്ക് വന്നു. രിഫാഈ അത് ചുംബിക്കുകയും ചെയ്തു. തൊണ്ണൂറായിരം ആളുകൾ അത് കാണുകയും ചെയ്തുവത്രെ!!

മേൽ കഥകൾ അനുസരിച്ച് നബി(സ)യുടെ ഖബർ സന്ദർശിച്ച് ഒരാൾ സലാം പറയുന്നത് വിവിധ ഉദ്ദേശങ്ങൾകൊണ്ടാണ് മറുപടി പറയുക. വസീലയാക്കി പ്രാർത്ഥിക്കുന്നവർ ഉത്തരം നൽകുക. ജിന്നിന്റെ ഉപദ്രവത്തിൽ നിന്ന് ആളുകളെ തടുക്കുക. ഭക്ഷണം, വെള്ളം എന്നിവ എത്തിക്കുക. ഉദ്ദേശിച്ച സ്ഥലത്തേക്ക് യാത്രയാക്കുക, കൈ കൊടുക്കുക, ദുഃഖങ്ങൾ ദൂരീകരിക്കുക, മാപ്പ് കൊടുക്കുക, രോഗികൾക്ക് മരുന്നും ശിഫയും നൽകുക, തന്റെ ഖബർ സന്ദർശനത്തിന് എത്താൻ കഴിയാത്തവരെ, നബി(സ) തന്നെ അങ്ങോട്ട് പോയി സന്ദർശിക്കുക, ഉപദേശം നൽകുക, പണം നൽകി സഹായിക്കുക, സിയാറത്തിന് വന്നവരുടെ ശത്രുക്കളെ സംഹരിക്കുക, വിവിധങ്ങളായ ആഗ്രഹങ്ങൾ സഫലീകരിക്കുക തുടങ്ങി അനവധി നിരവധി കാര്യങ്ങൾ സിയാറത്തിന് വരുന്ന ആളുകൾ മരണപ്പെട്ടുപോയ നബി(സ)യിൽ നിന്നും നേടിയെടുക്കുന്നു! അതിനായി തങ്ങളെ വസീലയാക്കി പ്രാർത്ഥിക്കുന്ന കഥകൾ തബ്ലീഗുകാർ പഠിപ്പിക്കുന്നു. ഇത്തരം നുണപ്രചരണത്തിന് നൂറോളം പേജുകളാണ് ഗ്രന്ഥകർത്താവ് ഉപയോഗിച്ചിട്ടുള്ളത്. മദീന സിയാറത്തിന്റെ അറുപത് മര്യാദകളും മുപ്പത്തിയൊമ്പത് കഥകളും? ഇതിന്റെ പിന്നിലെ ചേതോവികാരം പരമദയനീയം തന്നെ. പ്രവാചകന്റെ പേരിൽ പ്രചരിപ്പിക്കുന്ന കള്ളക്കഥകളുടെ മുപ്പത്തിയാറാം നമ്പറിൽ ഗ്രന്ഥകർത്താവ് പറയുന്നു. ''മുഹദ്ദിസുകളുടെ

നിയമമനുസരിച്ച് നോക്കുമ്പോൾ ഈ രിവായത്തിനെ മുൻകർ എന്ന് പറയുന്നുണ്ടെങ്കിലും ചരിത്രത്തിന്റെ നിലയിൽ നോക്കുമ്പോൾ ശരിയായിട്ടുള്ളതാകുന്നു.'' (പേജ് 363) പച്ചക്കള്ളമാണെന്ന് ബോധ്യമായാലും വിടില്ല എന്നർത്ഥം. മേൽപുസ്തകം 293 മുതൽ 371 വരെ സിയാറത്ത് കഥകളുടെ അത്ഭുതവർണ്ണനകളാണ്.

നബി(സ) തന്റെ കുടുംബക്കാരെയും കരളിന്റെ കരളായ മകളേയും വിളിച്ച് ജീവിതകാലത്ത് അറിയിക്കുന്ന കാര്യം ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു. ''ഖുറൈശി സമൂഹമേ, നിങ്ങളെ നിങ്ങൾതന്നെ വാങ്ങിക്കൊൾക (രക്ഷപ്പെടുത്തിക്കൊൾക) അല്ലാഹുവിൽ നിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്ക് കഴിയില്ല. അബ്ദുൽ മുത്തലിബ് മകൻ അബ്ബാസ്, അല്ലാഹുവിൽ നിന്ന് താങ്കളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്കാവില്ല. അല്ലാഹുവിന്റെ ദൂതൻ മുഹമ്മദിന്റെ അമ്മായി സഫിയ്യാ അല്ലാഹുവിൽ നിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്കാവില്ല. മുഹമ്മദിന്റെ മകൾ ഫാത്വിമാ, എന്റെ സ്വത്തിൽ നിന്ന് നീ വേണ്ടത് ചോദിച്ചോളൂ. അല്ലാഹുവിൽ നിന്ന് നിന്നെ അൽപമെങ്കിലും രക്ഷിക്കാൻ എന്നാലാവില്ല.'' ഈ ഹദീസിന്റെ വെളിച്ചത്തിൽ കാട്ടറബിയുടെ കഥ തോട്ടിലെറിയണം. ''പാപഭാരം വഹിക്കുന്ന ഒരാളും മറ്റൊരാളുടെ പാപഭാരം വഹിക്കുകയില്ലെന്നും,'' ''മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ മറ്റൊന്നുമില്ല'' എന്നും, വിശുദ്ധ ഖുർആൻ ആവർത്തിച്ചു പഠിപ്പിക്കുന്നു. സൂഫികളും തബ്‌ലീഗുകാരും അത് അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. വിശുദ്ധ ഖുർആൻ പറഞ്ഞു. ''(നബിയേ) പറയുക, നിങ്ങൾക്ക് ഉപദ്രവം ചെയ്യുക, എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല.'' (72:2)

മറ്റൊരു വചനം കാണാം. ''(നബിയേ) പറയുക, എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യ കാര്യമറിയാമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്.'' (7:188) മരണപ്പെട്ട പ്രവാചകൻ (സ) ബർസഖീ ലോകത്ത് നിന്ന് യഥേഷ്ടം പൂർവ്വോപരി പ്രവർത്തിക്കുന്നുവെന്നാണ് തബ്‌ലീഗുകാരുടെ അധ്യാപനം.

റസൂൽ (സ) ചരമം പ്രാപിച്ചപ്പോൾ സ്വഹാബികൾ സ്തംഭിച്ചുപോയി. ദുഃഖിതരായി, കരഞ്ഞു. മഹാനായ ഉമർ (റ)വിന്റെ അന്നേരത്തെ അവസ്ഥ മുസ്‌ലിം ലോകം മനസ്സിലാക്കിയതാണ്. നബി (സ)യുടെ മരണത്തെ അദ്ദേഹം നിഷേധിച്ചു! അബൂബക്കർ (റ)വിന്റെ പ്രസംഗം മരണമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ആയിരുന്നു തൽസമയം ഉണ്ടായിരുന്നത്. ''മുഹമ്മദിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ മുഹമ്മദ് മരണമടഞ്ഞുപോയി. അല്ലാഹുവിനെ ആരെങ്കിലും ആരാധിക്കുന്നുവെങ്കിൽ അവൻ ശേഷിച്ചിരിക്കുന്നു.'' തുടർന്ന് സിദ്ദീഖ്(റ) വിശുദ്ധ ക്വൂർആനിൽ നിന്നും ഒരു ആയത്ത് ഓതി. ''മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തുവെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോവുകയോ...'' (3:44) ഇതു കേട്ടപ്പോഴാണ് ഉമർ(റ)നും മറ്റും സ്വബോധം തിരിച്ചുകിട്ടിയത്. ഈ ആയത്ത് മുമ്പ് കേട്ടിട്ടില്ലാത്തതുപോലെ തോന്നി എന്ന് അവർ പറയുകയും ഉണ്ടായി.

തബ്‌ലീഗുകാർ പറയുന്നതുപോലെയാണ് കാര്യമെങ്കിൽ യാതൊരു പ്രശ്നവും ഉണ്ടാവേണ്ടതില്ല. നബി(സ) സർവ്വതന്ത്ര സ്വതന്ത്രനാവുകയും എവിടെയും എന്തിനും ഓടിയെത്തുകയും ചെയ്യുന്ന രീതിയാണ് തബ്‌ലീഗ് കഥകൾ. നബി(സ)യുടെ മരണത്തിനു ശേഷം ആ പ്രഗൽഭ സമൂഹത്തിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി അവരാരും തിരുമേനിയുടെ ഖബറിങ്കലേക്ക് ചെന്നില്ല. ഇതൊക്കെ സർവ്വസമ്മതമായ കാര്യമാണ്. തബ്‌ലീഗുകാരൻ

എഴുതുന്നു. “ഹസ്റത്ത് ഉമർ(റ) അവർകളുടെ ഭരണകാലത്ത് മദീന ത്വയ്യിബയിൽ ഒരു വലിയ വരൾച്ചയും ക്ഷാമവും ഉണ്ടായി. ഒരാൾ റസൂൽ സല്ലല്ലാഹു അലൈഹി വസല്ലമയുടെ ഖബർ അരികിൽ ചെന്ന് അല്ലാഹുവിന്റെ റസൂലേ, തങ്ങളുടെ ഉമ്മത്തികൾ നാശമായിക്കൊണ്ടിരിക്കുന്നു. അല്ലാഹു തആലയോട് മഴയെ തേടിയാലും! എന്ന് പറഞ്ഞു. അന്ന് അദ്ദേഹം സ്വപ്നത്തിൽ നബി തങ്ങളെ ദർശിക്കുകയും ഉമറിനോട് എന്റെ സലാം പറയുകയും ബുദ്ധിയും വിവേകവും മുറുകെപിടിക്കാൻ അറിയിക്കുകയും ചെയ്യുക എന്ന് കൽപിക്കുകയും ചെയ്തു.” (ഹജ്ജിന്റെ മഹത്വങ്ങൾ പേജ് 351)

ഈ നുണക്കഥയിൽ പതിയിരിക്കുന്ന അപകടങ്ങൾ ചില്ലറയല്ല. ഒന്ന് നബി(സ) മഴക്ക് വേണ്ടി ഒരു പ്രത്യേക നമസ്കാരം പഠിപ്പിച്ചു. അത് അവഗണിച്ചുകൊണ്ട് ക്വബ്റിങ്കൽ ചെന്നു ഒരാൾ. ഏതോ ഒരാൾ മേൽവിലാസമില്ലാത്തയാൾ. എന്നിട്ട് നബി(സ)യോട് മഴക്ക് വേണ്ടി പ്രാർത്ഥിക്കാൻ പറഞ്ഞു. അദ്ദേഹത്തിന് അനന്തരം സ്വപ്നം ഉണ്ടായി. സ്വപ്നമല്ലേ വലിയ തെളിവ്! എന്നിട്ട് ഉമറിനെക്കുറിച്ച് ഒരു നിർദ്ദേശവും. ലോക ശ്രദ്ധേയനായ നീതിമാനും ബുദ്ധിമാനും സത്യസന്ധനും, ഭക്തനുമായ ഒരു ഭരണാധികാരി. ആ വസ്തുതയ്ക്ക് ഒരു ചൊട്ടും തടവും കൊടുക്കുന്ന നിർദ്ദേശം. ഇത് ഒരു ജൂതബുദ്ധിയിൽ നിന്നും ഉദിച്ചതാവാനേ തരമുള്ളൂ. ആ മഹാനിൽ നിന്ന് ബുദ്ധിമോശവും അവിവേകവും ഉണ്ടായിട്ടുണ്ടെന്ന് വരുത്തിത്തീർക്കൽ മുസ്‌ലിം ശത്രുക്കളുടെ ആവശ്യമാണ്. ഇനി അങ്ങനെ ഒരു നിർദ്ദേശം വേണമെങ്കിൽ നബി(സ)ക്ക് തന്നെ ഒരു മദ്ധ്യവർത്തിയില്ലാതെ നേർക്ക് തന്നെ അമീറിനെ ഉപദേശിക്കാം. പക്ഷേ കഥയിൽ ചോദ്യമില്ലല്ലോ.!

കേരളത്തിലെ ഖുബൂരികൾ അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനയെ ന്യായീകരിക്കാൻ ഉദ്ധരിക്കുന്ന ഏതാണ്ടെല്ലാ വാറോലക്കഥകളും തവസ്സുലിന്റെ മറവിൽ തബ്ലീഗ് മൗലാന തന്റെ പോരിശക്കിതാബിൽ കോറിവെച്ചിട്ടുണ്ട്. തബ്ലീഗുകാരുടെ ‘തഅ്ലിം’, ശിർക്കിലേക്ക് നയിക്കുന്നവയാണെന്ന് മനസ്സിലാക്കാൻ ‘ഹജ്ജിന്റെ മഹത്വങ്ങൾ’ പോലെയുള്ള അവരുടെ പുസ്തകങ്ങൾ വായിച്ചാൽ മതി. മേൽപുസ്തകത്തിലെ ‘മദീനാ സിയാറത്ത്’ എന്ന അദ്ധ്യായം വായനക്കാരുടെ കണ്ണ് തുറപ്പിക്കും.